FRIDAY 12.01.2024 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA


Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com,
fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 12/01/2024

1. പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കൊടുമൺ ഗ്രാമപഞ്ചായത്തിന്റെയും കൃഷി വകുപ്പ് എൻജിനീയറിങ് വിഭാഗത്തിന്റെയും സഹകരണത്തോടെ ആരംഭിക്കുന്ന റൈസ്മില്ലിന്റെ ഉദ്ഘാടനം ബഹുമാന്യരായ മന്ത്രിമാരുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും സാന്നിധ്യത്തിൽ 15.01.2024 തിങ്കളാഴ്ച രാവിലെ 10 മണിക്ക് കൊടുമൺ ഒറ്റത്തേക്ക് മൈതാനത്ത് വച്ച് നടത്തുന്നു.

2. കേരള കർഷകതൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ 24 മാസത്തിൽ കൂടുതൽ വീഴ്ചവരുത്തി അംഗത്വം നഷ്ടപ്പെട്ടവർക്ക് കാലപരിധി ഇല്ലാതെ അംശദായകുടിശിക പിഴസഹിതം അടച്ച് അംഗത്വം പുന:സ്ഥാപിക്കുന്നതിനുള്ള അവസരം ജനുവരി 31 വരെ നീട്ടി. കുടിശികവരുത്തിയ ഓരോവർഷത്തിനും 10 രൂപ നിരക്കിൽ പിഴ ഈടാക്കുന്നതാണ്. 60 വയസ് പൂർത്തിയാക്കിയവർക്ക് അംഗത്വം പുന:സ്ഥാപിക്കുന്നതിനും കുടിശിക അടയ്ക്കുന്നതിനും അവസരമില്ല. അംഗങ്ങൾ ആധാർകാർഡിന്റെ പകർപ്പ് നിർബന്ധമായും കൊണ്ട് വരണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9746822396, 7025491386, 0474 2766843, 2950183 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

3. തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിൽ ജനകീയസൂത്രണം പദ്ധതിയിൽ കുറഞ്ഞത് 10 സെൻറ് എങ്കിലും താമര കൃഷി ചെയ്യാൻ താല്പര്യമുള്ളവർ അവസാന തീയതി ജനുവരി 15നകം കൃഷിഭവനുമായി ബന്ധപ്പെടുക.

4. കേരള വെറ്ററിനറി സർവ്വകലാശാലയുടെ പൂക്കോട് ലൈവ്സ്റ്റോക്ക് ഫാമിൽ നല്ലസങ്കരയിനം നേപ്പിയർ പുല്ല് കിലോയ്ക്ക് 3.50 രൂപ നിരക്കിൽ ലഭ്യമാണ്. താല്പര്യമുള്ള കർഷകർ 9562168273, 9495302129 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കാർഷിക കോളേജ് വെള്ളാനിക്കരയിൽ ടിഷ്യുകൾച്ചർ വാഴ തൈകളും കുരുമുളക്, കറ്റാർ വാഴ, കറിവേപ്പ് തൈകളും വിവിധ ഇനം ഉദ്യാന സസ്യങ്ങളും വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9048178101 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. പീച്ചി അഡാക്ക് സർക്കാർ ഫിഷ് സീഡ് ഹാച്ചറിയിൽ കാർപ്പ്, ആസാംവാള, വരാൽ, അനാബാസ്, കരിമീൻ, ഗിഫ്റ്റ് തിലാപ്പിയ തുടങ്ങിയ ഇനത്തിൽപ്പെട്ട മത്സ്യകുഞ്ഞുങ്ങൾ വില്പനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർ 0487-2960205, 8848887143 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

7. തിരുവനന്തപുരം ജില്ലയിലെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2024 ജനുവരി 17 മുതൽ 29 വരെയുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ സ്വയം തൊഴിൽ സംരംഭകർക്കും വീട്ടമ്മമാർക്കുമായി **"ക്ഷീരോല്പന്ന നിർമ്മാണ പരിശീലന പരിപാടി"** ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 135 രൂപ. താൽപര്യമുള്ളവർ ജനുവരി 16-ാം തീയതി വൈകിട്ട് 5 മണിയ്ക്ക് മുൻപായി ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കായിരിക്കും അവസരം ലഭിക്കുക. വിശദ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസിലോ, 0471 2440911 എന്ന ഫോൺ നമ്പറിലോ principaldtctvm@gmail.com എന്ന ഇ -മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

8. എറണാകുളം ജില്ലയിലെ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2024 ജനുവരി മാസം 16 ന് ശാസ്ത്രീയ പശു വളർത്തൽ, 23ന് ഫാം ടൂറിസം നിങ്ങളുടെ ഫാമിലും, 29ന് കാട വളർത്തൽ എന്നീ വിഷയങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി

വരെ കർഷകർക്കായി പരിശീലന പരിപാടി നടത്തുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 0484 2950408 എന്ന ഫോൺ നമ്പറിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. കേരള കാർഷിക സർവകലാശാല ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കരയിൽ 'നഴ്സറി പരിപാലനവും പ്രജനന രീതികളും' എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിക്കുന്ന അഞ്ചുദിവസത്തെ പ്രവർത്തി പരിചയ പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള ഫീസ് 2500 രൂപയാണ്. ആദ്യം ബുക്ക് ചെയ്യുന്ന 10 പേർക്കാണ് പ്രവേശനം. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കാർഷിക സർവകലാശാല സർട്ടിഫിക്കറ്റ് നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0487-2961457 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

10. കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന നാളികേര വികസന ബോർഡിന്റെ രണ്ട് ബാച്ചുകളുടെ തെങ്ങുകയറ്റ പരിശീലനം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, വെള്ളായണിയിൽ പ്രവർത്തിച്ചുവരുന്ന റിസർച്ച് ടെസ്റ്റിംഗ് & ട്രെയ്നിംഗ് സെന്ററിൽ വച്ച് 2024 ജനുവരി 29 മുതൽ ഫെബ്രുവരി 3 വരെയും, ഫെബ്രുവരി 12 മുതൽ 17 വരെയും തീയതികളിൽ നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 2024 ജനുവരി 16 ചൊവ്വാഴ്ച തിരുവനന്തപുരം, വെള്ളായണി, ആർ.ടി.ടി സെന്ററിൽ രാവലെ 10 മണിക്കും 5 മണിയ്ക്കും ഇടയ്ക്ക് നടക്കുന്ന Walk in interview-ൽ പങ്കെടുക്കേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡ് കൊണ്ടുവരേണ്ടതാണ്. പരിശീലനം പൂർത്തിയാക്കുന്നവർക്ക് തെങ്ങുകയറ്റ യന്ത്രം സൗജന്യമായി നൽകുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം